بسم الله الرحمن الرحيم

**2010, ഖുത്ബ നമ്പര്‍- 07**

12.02.2010
**ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍**

# *സഹാബത്തിന് ലഭിച്ച പ്രകാശം നമുക്കും ലഭിക്കുമാറാകട്ടെ.*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കളുടെ ആത്മപുളകിതമായ ചില സംഭവങ്ങളാണ് ഇന്ന് ഞാന്‍ നിങ്ങളുടെ മുമ്പാകെ വിവരിക്കാന്‍ ഉദ്ദേശിക്കുന്നത്. ഈ സംഭവങ്ങളില്‍ നിന്ന് അവര്‍ക്ക് അല്ലാഹുവിലുള്ള ദൃഢവിശ്വാസം എത്രമാത്രമായിരുന്നു എന്നും, അവരുടെ തവക്കുല്‍ എപ്രകാരമായിരുന്നു എന്നും അല്ലാഹുവിനോട് അവര്‍ക്കുണ്ടായിരുന്ന സ്നേഹം എത്രമാത്രമായിരുന്നു എന്നും, ഇതുകാരണം അല്ലാഹുവും തന്റെ പെരുമാറ്റം അവരോട് ഏതു രീതിയില്‍ പ്രകടിപ്പിച്ചു എന്നും നമുക്ക് വ്യക്തമാകുന്നതാണ്. ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് അവ്വല്‍ (റ) വിവരിക്കുന്ന ഒരു സംഭവമാണ് ഞാന്‍ ആദ്യം കേള്‍പ്പിക്കുന്നത്.

കശ്മീരില്‍ വൃദ്ധനായ ഒരാളുണ്ടായിരുന്നു. അദ്ദേഹം വൈജ്ഞാനിക തലത്തില്‍ ഉപയോഗിക്കുന്ന ഓരോ വാക്കുകളുടെയും നിര്‍വ്വചനങ്ങള്‍ കാണാതെ പഠിച്ചുവെച്ചിരുന്നു. വലിയ വലിയ പണ്ഢിതന്മാരോട് സാഹിത്യവുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ചോദിക്കുകയും അവര്‍ പറയുന്ന നിര്‍വ്വചനത്തില്‍ എന്തെങ്കിലും ന്യൂനത കണ്ടുപിടിക്കുകയും ചെയ്തിരുന്നു. അങ്ങിനെ തന്റെ ശ്രേഷ്ഠത ഓരോരുത്തരിലും സ്ഥാപിക്കാന്‍ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹം രാജാവിന്റെ ദര്‍ബാറില്‍ പരസ്യമായി എന്നോട് ഇപ്രകാരം ചോദിച്ചു. മൗലവി സാഹിബ്! ഹിക്മത്ത് എന്നത് എന്തിനെക്കുറിച്ചാണ് പറയുന്നത്? മൗലവി സാഹിബ് പറഞ്ഞു. ശിര്‍ക്ക് തൊട്ട് സാധാരണ ദുഷ്പ്രവര്‍ത്തികളില്‍ നിന്നുവരെ രക്ഷപ്പെടുന്നതിനാണ് ഹിക്മത്ത് എന്ന് പറയുന്നത്. ഇത് കേട്ടപ്പോള്‍ അത്ഭുതപ്പെട്ടുകൊണ്ട് അദ്ദേഹം എന്നോട് ചോദിച്ചു. ഹിക്മത്തിനെക്കുറിച്ചുള്ള ഈ നിര്‍വ്വചനം എവിടെയാണ് എഴുതിയത്. ഖലീഫ അവ്വല്‍ പറയുന്നു. അപ്പോള്‍ എന്റെ അടുത്ത് ഖുര്‍ആന്‍ കാണാതെ പഠിച്ച ഡല്‍ഹിയിലെ ഒരു ഹകീം ഉണ്ടായിരുന്നു. ഞാന്‍ അദ്ദേഹത്തോട് പറഞ്ഞു. താങ്കള്‍ സൂറ ബനീ ഇസ്രായീലിന്റെ 4-ാം റുകൂഇന്റെ തര്‍ജ്ജമ ഒന്നു കേള്‍പ്പിച്ചാലും. അതില്‍ ഇപ്രകാരം വരുന്നു

ذٰلِكَ مِمَّآ اَوْحٰى اِلَيْكَ رَبُّكَ مِنَ
الْحِكْمَةِ ۗ وَلَا تَجْعَلْ مَعَ اللّٰهِ اِلٰهًا اٰخَرَ
فَتُلْقٰى فِيْ جَهَنَّمَ مَلُوْمًا مَّدْحُوْرًا ﴿٤٠﴾

(ഇത് നിന്റെ നാഥന്‍ നിനക്ക് അവതരിപ്പിച്ചുതന്ന ഹിക്മത്തില്‍ പെട്ടതാണ്.)

ഇത് കേട്ടപ്പോള്‍ അദ്ദേഹം അന്തം വിട്ടുപോയി. ഈ 4-ാം റുകൂഇല്‍ 32-ാം വചനം മുതല്‍ 41-ാം വചനം വരെയാണ് ഉള്ളത്. വിവിധ കാര്യങ്ങള്‍ അല്ലാഹു ഇതില്‍ വിവരിക്കുന്നുണ്ട്. ചുരുക്കത്തില്‍ ഇങ്ങിനെയുള്ള ഉലമാക്കള്‍ എല്ലാ കാലത്തും ഉണ്ടാകും. അവരുടെ ഉദ്ദേശം വിജ്ഞാനം ജനങ്ങള്‍ക്കിടയില്‍ എത്തിക്കണം എന്നതായിരിക്കില്ല. തങ്ങളുടെ പാണ്ഢിത്യം ജനങ്ങളില്‍ പ്രകടമാക്കുക എന്നതായിരിക്കും. അവര്‍ക്ക് തഖ്‌വ ഉണ്ടാവില്ല. ഇന്നും പണ്ഢിതന്‍മാര്‍ തങ്ങളുടെ പാണ്ഢിത്യത്തിന്റെ മഹത്ത്വം പ്രകടമാക്കാനാണ് ശ്രമിക്കുന്നത്.

ഇക്കാലത്ത് വിവിധ ടി.വി. ചാനലുകളില്‍ ഇങ്ങിനെയുള്ള പണ്ഢിതന്മാരെ നമുക്ക് കാണാന്‍ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജമാഅത്തിലെ യുവതലമുറയെ ഒരു കാര്യം ഉണര്‍ത്താന്‍ ഞാന്‍ ആഗ്രഹിക്കുന്നു. ഇങ്ങിനെയുള്ള പരിപാടികള്‍ കേട്ട് നിങ്ങള്‍ അതില്‍ വശംവദരാകരുത്. പാക്കിസ്ഥാനില്‍ അടുത്ത കാലത്ത് ഒരു ടി.വി. ചാനലില്‍ ഒരു പണ്ഢിതന്‍ പ്രത്യക്ഷപ്പെട്ടുകൊണ്ട് യുവതലമുറയെ തന്നിലേക്ക് ആകര്‍ഷിക്കുന്നതിനായി ഇപ്രകാരം തട്ടിവിടുകയുണ്ടായി. പര്‍ദ്ദ ധരിക്കണം എന്ന് വിശുദ്ധഖുര്‍ആനില്‍ ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല. പ്രവാചകപത്നിമാര്‍ക്ക് മാത്രമാണ് പര്‍ദ്ദ ധരിക്കാനുള്ള കല്‍പനയുള്ളത്.

എന്നാല്‍ വിശുദ്ധ ഖുര്‍ആനില്‍ സൂറ അഹ്സാബില്‍ പ്രവാചകപത്നിമാരോട് പര്‍ദ്ദ ധരിക്കാന്‍ കല്‍പിച്ചപ്പോള്‍ അവിടെത്തന്നെ വിശ്വാസിനികളേയും സംബോധന ചെയ്യുന്നുണ്ട്. അല്ലാഹു പറയുന്നു.

يٰٓاَيُّهَا النَّبِيُّ قُلْ لِّاَزْوَاجِكَ وَبَنٰتِكَ
وَنِسَآءِ الْمُؤْمِنِيْنَ يُدْنِيْنَ عَلَيْهِنَّ مِنْ
جَلَابِيْبِهِنَّ ۗ ذٰلِكَ اَدْنٰٓى اَنْ يُّعْرَفْنَ فَلَا
يُؤْذَيْنَ ۗ وَكَانَ اللّٰهُ غَفُوْرًا رَّحِيْمًا ﴿٦٠﴾

(33:60)

ഓ നബീ; നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വസികളുടെ സ്ത്രീകളോടും (അവര്‍ പുറത്തിറങ്ങുമ്പോള്‍) അവരുടെമേല്‍ വസ്ത്രങ്ങള്‍ തങ്ങളുടെ ശരീരങ്ങളിന്‍മേല്‍ മൂടിപ്പുതക്കേണ്ടതാണെന്ന് പറയുക.

ഈ കല്‍പനയേയും ചിലര്‍ ദുര്‍വ്യാഖ്യാനം ചെയ്യുന്നുണ്ട്. അത്തരക്കാര്‍ പറയുന്നത് ഇവിടെ തട്ടം വലിച്ച് ശരീരഭാഗങ്ങള്‍ മറക്കണം എന്നതുകൊണ്ട് അര്‍ത്ഥമാക്കുന്നത് ശരീരഭാഗം മറച്ചാല്‍ മതി എന്നും തല മറച്ചില്ലെങ്കിലും പ്രശ്നമില്ലാ എന്നുമാണ്. ഇന്ന്

യൂറോപ്യൻ നാടുകളിൽ കണ്ടുവരുന്ന പർദ്ദ വിരുദ്ധ പ്രചരണങ്ങളുടെ പ്രതികരണം എന്ന നിലക്ക് മുസ്‌ലിം നാടുകളിൽ തല മറക്കുന്നതും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ശരീരഭാഗങ്ങൾ മറക്കുന്നതും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. പ്രസ്തുത പണ്ഢിതന്റെ പ്രസംഗം ഞാൻ നേരിട്ട് കേട്ടിട്ടില്ലെങ്കിലും അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം വിശുദ്ധ ഖുർആനിൽ ഖിലാഫത്തിന്റെ ആവശ്യമുണ്ടെന്നോ ഖിലാഫത്ത് നിലനിൽക്കുമെന്നോ കാണാൻ സാധ്യമല്ല എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അംഗീകരിക്കാത്തവർക്കിടയിൽ ഖിലാഫത്ത് സ്ഥാപിതമാകില്ല എന്നതും അതിന്റെ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കില്ല എന്നതും ശരിതന്നെ.

രണ്ടാമത്തെ സംഭവവും ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിന്റേതു തന്നെയാണ്. അബ്ദുൽ ഖാദിർ സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ലാഹോറിൽ വന്നു. ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ സാഹിബ് അന്ന് ഗവൺമെന്റ് കോളേജിൽ പഠിക്കുകയായിരുന്നു. കോളേജിലെ ഒറു പ്രൊഫസർ മിസ്റ്റർ ആർസൽ ഹതിഖ് പറഞ്ഞു. ത്രീത്വം എന്ന കാര്യം ഒരിക്കലും ഒരു ഏഷ്യൻ ബുദ്ധിയിൽ ഉൾക്കൊള്ളാൻ സാധ്യമല്ല. അല്ലാമ ഇഖ്ബാൽ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുത്ത് വന്ന് പ്രൊഫസർ സാഹിബ് പറഞ്ഞ കാര്യം പറഞ്ഞു. എന്നിട്ട് ഇതിന് മറുപടി നൽകാൻ ആവശ്യപ്പെട്ടു. മൗലവി സാഹിബ് പറഞ്ഞു. പ്രൊഫസർ സാഹിബിനോട് പറയുക. താങ്കളുടെ വാദം ശരിയാണെങ്കിൽ മസീഹിനോ അദ്ദേഹത്തിന്റെ സഹാബികൾക്കോ ഈ കാര്യം മനസ്സിലായിട്ടുണ്ടാകില്ല. കാരണം അവരും ഏഷ്യക്കാരായിരുന്നുവല്ലോ ?! ഈ മറുപടി കേട്ടപ്പോൾ പ്രൊഫസർ സാഹിബിന് മിണ്ടാട്ടമില്ലാതെയായി. ഈ പ്രൊഫസർ ഇതിനുമുമ്പ് യൂറോപ്പിലെ ഒരു സമ്മേളനത്തിലും ഈ കാര്യം ശക്തമായി ഉന്നയിച്ചിരുന്നു. അവിടെ നിന്നും അദ്ദേഹത്തിന് തൃപ്തികരമായ മറുപടി ലഭിച്ചിരുന്നില്ല.

മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി (റ) ന്റെ ഒരു സംഭവം ഇനി കേൾപ്പിക്കാം. അദ്ദേഹം പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് പഞ്ചാബിൽ വിവിധ സ്ഥലങ്ങളിൽ പ്ലേഗ് പടർന്നു പിടിച്ചിരുന്നു. ഈ സമയത്ത് ഗുജറാത്ത് ജില്ലയിലെ ഗോട്ടറിയാല എന്ന സ്ഥലത്ത് ഞാൻ തബ്‌ലീഗിന് പോയി. സുൽത്താൻ ആലിം എന്ന ആത്മാർത്ഥ അഹ്മദിയുടെ വീട്ടിൽ ഞാൻ കുറച്ച് ദിവസം താമസിച്ചു. അദ്ദേഹത്തിന്റെ വീട്ടിന്റെ മട്ടുപ്പാവിൽ കയറി നിത്യവും രാത്രി ഞാൻ പ്രസംഗിക്കുമായിരുന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരുന്നു. ഈ പ്രസംഗങ്ങളിൽ പ്ലേഗിന്റെ ശിക്ഷയെക്കുറിച്ചും ഞാൻ ജനങ്ങളെ ഉണർത്തിയിരുന്നു. പിറ്റേന്ന് കാലത്ത് ആ ഗ്രാമത്തിലെ ചിലർ എന്റെ അടുത്ത് വന്ന് ഇപ്രകാരം പറഞ്ഞു. മിർസാ സാഹിബിനെ അംഗീകരിക്കാത്തവർക്ക് പ്ലേഗ് പിടിപെടും എന്നെല്ലാം താങ്കൾ പ്രസംഗമധ്യേ പറഞ്ഞിരുന്നുവല്ലോ? എന്നാൽ ഗോട്ടരിയാലാ എന്ന ഈ പ്രദേശം ഉയർന്ന സ്ഥലത്താണ് ഉള്ളത്. മാത്രമല്ല ഇവിടത്തെ അന്തരീക്ഷവും വായുസഞ്ചാരവും എല്ലാം വളരെ ഗുണമേന്മ ഉള്ളതുമാണ്. അതിനാൽ ഇവിടെ പകർച്ചവ്യാധികൾ പരത്തുന്ന ബാക്ടീരിയകൾ ഒരിക്കലും എത്തുന്നതല്ല. മൗലവി സാഹിബ് പറയുന്നു. ഇവിടെ ഇതിനുമുമ്പ് അഹ്മദി മുബല്ലിഗ്മാർ ആരെങ്കിലും വന്നിട്ട് സയ്യിദ്നാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശം എത്തിച്ചിട്ടുണ്ടോ? ഗ്രാമവാസികൾ പറഞ്ഞു. ഇല്ല. ആരും വന്നിട്ടില്ല. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു. അതുകൊണ്ടാണ് നിങ്ങളുടെ ഗ്രാമം ഇതുവരെ സുരക്ഷിതമായിരിക്കുന്നത്. ഇനി എന്റെ തബ്‌ലീഗിന് ശേഷം നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ ഈ ഗ്രാമം ദൈവശിക്ഷയിൽ നിന്നും സുരക്ഷിതമാണെങ്കിൽ ഇവിടത്തെ നല്ല അന്തരീക്ഷം അല്ലാഹുവിന്റെ കൽപനയായ ***വമാകുന്നാ മുഅദ്ദബീന ഹത്താ നബ്അസ റസൂല*** എന്നതിൽ നിന്നും വിട്ടുനിൽക്കുന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നതാണ്. (ഒരു പ്രദേശത്ത് ഒരു പ്രവാചകനെ അയക്കാതെകണ്ട് നാം ശിക്ഷ ഇറക്കാറില്ല.) തുടർന്ന് പറയുന്നു. ഞാൻ ഈ കാര്യം പറഞ്ഞ് അവിടെ നിന്ന് പോന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ആ ഗ്രാമത്തിൽ എലികൾ ചത്തുവീഴാൻ തുടങ്ങി. പ്ലേഗ് അവിടെ താണ്ഡവമാടി. ആ ഗ്രാമത്തിലെ പല തെരുവുകളും ശൂന്യമായി. പലരും മറ്റു പ്രദേശങ്ങളിൽ അഭയം പ്രാപിക്കുകയുണ്ടായി.

അല്ലാഹുവിന്റെ ശിക്ഷ വിവിധ രൂപത്തിൽ പ്രകടമാകുന്നു. പ്ലേഗിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് അല്ലാഹു നേരത്തെ വിവരം നൽകിയിരുന്നു. മറ്റൊരു ശിക്ഷ ഭൂകമ്പമാണ്. ഇന്ന് ലോകത്ത് വിവിധ രൂപത്തിലാണ് ശിക്ഷ വന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ജനങ്ങൾ അല്ലാഹുവിനെ തിരിച്ചറിയാനോ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനോ തിരുനബി ﷺ യെ തിരിച്ചറിയാനോ ശ്രമിക്കുന്നില്ല. നാശത്തിനുമേൽ നാശം ലോകത്ത് വന്നുകൊണ്ടിരിക്കുകയാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ലോകത്തെ വിപത്തുകളിൽ നിന്നും അവൻ രക്ഷിക്കുമാറാകട്ടെ.

മലിക് സ്വലാഹുദ്ദീൻ സാഹിബ് മൗലാനാ ബഖാപൂരി സാഹിബ് (റ)നെക്കുറിച്ച് എഴുതുന്നു. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഒരു സഹാബി ആയിരുന്നു. ഖലീഫത്തുൽ മസീഹ് സാനി (റ) സിന്ധിൽ തബ്‌ലീഗ് മിഷൻ സ്ഥാപിക്കുകയും ബഖാപൂരിസാഹിബിനെ തബ്‌ലീഗ് സംഘത്തിന്റെ അമീറായി നിയമിക്കുകയും ചെയ്തു. ഒരു ലക്ഷത്തിൽ അധികമുള്ള സിന്ധിയിലെ ഒരു സമൂഹത്തെ ആര്യസമാജക്കാർ മുർതദ്ദാക്കാൻ ശ്രമം തുടങ്ങി. മൗലാനാ സാഹിബ് സിന്ധ് ഭാഷയിലുള്ള ഗ്രന്ഥങ്ങൾ പഠിച്ച് അൽപം മാസങ്ങൾക്കുള്ളിൽ തന്നെ പ്രസംഗിക്കുവാൻ പ്രാപ്തനായി. (അന്നൊക്കെ അവർക്ക് വലിയ ആവേശമായിരുന്നു. കുറഞ്ഞ കാലത്തിനുള്ളിൽ തന്നെ അദ്ദേഹം ഒരു ഭാഷ പഠിക്കുകയും അതിൽ പ്രസംഗിക്കാൻ വരെ കഴിവ് കരസ്ഥമാക്കുകയും ചെയ്തു.) അങ്ങിനെ അദ്ദേഹം ആര്യസമാജികളെ ആ പ്രദേശത്ത് നേരിട്ടു. സിന്ധികളായ സാധാരണക്കാരെ മുർതദ്ദാക്കാൻ ഏതെല്ലാം സ്ഥലത്ത് ആര്യസമാജികൾ ശ്രമം നടത്തിക്കൊണ്ടിരുന്നുവോ മൗലാനാ സാഹിബ് അവിടെ എത്തി അവരെ

ഇസ്‌ലാമിൽ ദൃഢവിശ്വാസികളാക്കി മാറ്റുമായിരുന്നു. ഇങ്ങിനെ രാപ്പകലുകളിലുള്ള കഠിനപ്രയത്നത്തിനുശേഷം സിന്ധികളെ അവർക്ക് ലഭിക്കില്ലെന്ന് ആര്യസമാജികൾക്ക് മനസ്സിലായി. അതോടെ മുർതദ്ദാക്കാനുള്ള അവരുടെ പ്രയത്നം നിഷ്ഫല മായി. എന്നാൽ അടുത്ത വർഷം 1924 ൽ ഉലമാക്കളും ഫുക ഹാക്കളും നേതാക്കന്മാരും എല്ലാം ചേർന്ന് മൗലവി സാഹിബി ന്നെതിരിൽ രംഗത്ത് വന്നു. പല സ്ഥലത്തും ചർച്ചകളും സംവാ ദങ്ങളും നടത്തി. മൗലാനാ ബഖാപൂരി സാഹിബ് ഒറ്റക്കാണ് ഇവരെ നേരിട്ടത്. അനഹ്മദീ ഉലമാക്കൾ ഒരു ഡസനോളം ഉണ്ടാ കുമായിരുന്നു. അല്ലാഹുവിന്റെ ഫള്‌ലോടുകൂടി മൗലവി സാഹി ബിനായിരിക്കും എപ്പോഴും വിജയം ലഭിച്ചിരുന്നത്. അങ്ങിനെ പലരുടേയും ശ്രദ്ധ അദ്ദേഹത്തിലേക്ക് തിരിഞ്ഞു. ഇതുകാര ണം സിന്ധിയിൽ ചില സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിതമാ കുകയും ചെയ്തു. ജനങ്ങൾ ജമാഅത്തിലേക്ക് കൂടുതൽ ശ്രദ്ധി ക്കാൻ തുടങ്ങി. ഇതോടെ പണ്ഡിതന്മാരും അങ്കലാപ്പിലായി. മൗലവി ബഖാപുരി സാഹിബിനെ ഞങ്ങൾക്ക് നേരിടാൻ കഴി യില്ല എന്നാണ് അവർ പറഞ്ഞിരുന്നത്. ഇതുകാരണം പലർ ക്കും ജമാഅത്ത് സ്വീകരിക്കുവാൻ തൗഫീഖ് ലഭിച്ചു. 1928 ൽ രോഗിയായിരുന്നിട്ടുപോലും അദ്ദേഹം ജമാഅത്തുകളിൽ പോയി തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ അവിടെ 50 ജമാ അത്തുകൾ സ്ഥാപിതമാകുകയുണ്ടായി. മൗലാനാ ബശീർ സാ ഹിബ് എഴുതുന്നു. സിന്ധികൾ ജമാഅത്ത് സ്വീകരിച്ചതിനുശേ ഷവും അമുസ്‌ലിം കുടുംബങ്ങളുമായി വിവാഹം നടത്തിക്കൊ ണ്ടിരുന്നു. അവരുടെ വിശ്വാസവൈകല്യത്തിന് ഇത് കാരണമാ യിത്തീർന്നു. അങ്ങിനെ അവർ അഹ്മദിയ്യത്തിൽ നിന്നും ഇസ് ലാമിൽ നിന്നും അകന്നകന്നുപോയി.

അതുകൊണ്ട് ഇന്നും അഹ്മദികൾ ഇക്കാര്യം ഓർമ്മ വെക്കു ക. ചിലപ്പോൾ ചിലർ വൈകാരികമായി തീരുമാനങ്ങൾ എടു ക്കാറുണ്ട്. അന്യരിൽ വിവാഹം നടത്തുന്നു. ഇതുമുഖേന ഭാവി തലമുറയാണ് നശിക്കുന്നത്. അങ്ങിനെ ആ കുടുംബം തന്നെ പതുക്കെ പതുക്കെ ദീനിൽ നിന്നും അകന്നുപോകുകയും ചെയ്യുന്നു.

തുടർന്ന് എഴുതുന്നു. ലട്കാന എന്ന സ്ഥലത്തിനടുത്ത് ഇസ് ലാമിൽ നിന്നും മുർതദ്ദാക്കാനുള്ള ശ്രമം നടന്നുവരുന്നതായി മൗലാനാ ബഖാപൂരി സാഹിബിന് അറിവ് ലഭിച്ചു. അദ്ദേഹം അവിടെ എത്തി ശുഹുൽ ചന്ദ് എന്ന് പേരുള്ള ഒരു മുസ്‌ലിം ഹാഫിസിനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അദ്ദേഹമായിരുന്നു അവിടത്തെ നേതാവ്. അദ്ദേഹം പറഞ്ഞു. ഇവിടെയുള്ള മുസ്‌ലിംകൾ ഞങ്ങളെ ഒരു വിധത്തിലും സഹാ യിച്ചിട്ടില്ല. ഇപ്പോൾ ഹിന്ദുക്കളുമായി ഞങ്ങൾ ഒരു കരാറിൽ ഏർപ്പെട്ടിരിക്കുകയാണ്. ഞങ്ങൾ ഹിന്ദുക്കളായിത്തീരുന്നതാ ണ്. ഇത് പറഞ്ഞതിനുശേഷം അവർ മൗലവിസാഹിബിനോട് ഭക്ഷണം കഴിക്കാനായി പറഞ്ഞു. മൗലവി സാഹിബ് അവരുടെ ഭക്ഷണം തിരസ്കരിച്ചു. എന്നിട്ട് പറഞ്ഞു. ഞാൻ നിങ്ങളുടെ ഭക്ഷണം ഒരിക്കലും തിന്നില്ല. എന്നിട്ട് പൊട്ടിപ്പൊട്ടി കരയാൻ തുടങ്ങി. ഈ കരച്ചിൽ ജനങ്ങൾ ശ്രദ്ധിച്ചു. അതിനുശേഷം സംസാരം തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ വീണ്ടും അവർ ഭക്ഷ ണത്തിന് ക്ഷണിച്ചെങ്കിലും മൗലവി സാഹിബ് അതും നിഷേധി ക്കുകയുണ്ടായി. അവരുടെ നേതാവ് പറഞ്ഞു. കരാർ ഉണ്ടാ ക്കിയത് ലംഘിക്കാൻ പറ്റില്ലല്ലോ? കരാർ ലംഘിക്കൽ പാപമ ല്ലെ. മൗലവി സാഹിബ് പറഞ്ഞു. ഇമാമിനേക്കാളും വലിയതാ യെന്തുണ്ട്. അങ്ങിനെ അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കി. എന്നിട്ട് പറഞ്ഞു. ഇനി ഞങ്ങൾ ഒരിക്കലും മുർതദ്ദാവുന്നതല്ല. ഇവിടേക്ക് വരേണ്ട എന്ന് പറഞ്ഞ് അവർക്ക് ഞങ്ങൾ കത്തെ ഴുതാം. മൗലവി സാഹിബ് പറഞ്ഞു. നിങ്ങൾ ആദ്യം കത്തെഴു തുക. എന്നാൽ ഞാൻ ഭക്ഷണം കഴിക്കാം. അതിനുശേഷം ഇപ്ര കാരം കത്തെഴുതിപ്പിച്ചു. ഇസ്‌ലാം ജീവനുള്ള മതമാണ്. ഞങ്ങാ ൾ നിങ്ങളെയും ഇത് സ്വീകരിക്കാൻ ക്ഷണിക്കുന്നു. ഞങ്ങളിൽ ആരും ഈ മതം ഉപേക്ഷിക്കുന്നതല്ല. ഇതിനുശേഷം ആരെ ങ്കിലും ഇവിടേക്ക് വരാൻ ശ്രമിച്ചാൽ അവർ നിന്ദ്യരാകുന്നതാ ണ്. ഇത് എഴുതിയതിനു ശേഷം അദ്ദേഹം ഭക്ഷണം കഴിച്ചു. ആര്യസമാജികൾ ഇതറിഞ്ഞ് നിരാശരായിത്തീർന്നു.

സയ്യിദ് സർവ്വർശാ സാഹിബിനെക്കുറിച്ച് ഒരു രിവായത്തുണ്ട്. ഇദ്ദേഹം മുഫ്തി സിൽസിലയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പാണ്ഢിത്യം ഈ നിവേദനത്തിൽ നിന്നും മന സ്സിലാകുന്നതാണ്.

സർവ്വർശാ സാഹിബ് ചികിത്സക്കായി ഹരിപ്പൂരിൽ താമസിച്ചു വരികയായിരുന്നു. ഹോസ്പിറ്റലിനടുത്ത് ഒരു ഗുസ്തിക്കാരനു ണ്ടായിരുന്നു. അദ്ദേഹത്തോട് ചോദിച്ചു ആ കാണുന്ന മൗലവി സാഹിബ് ആരാണ്? അദ്ദേഹം പറഞ്ഞു. അത് കോട്ട് നജീബു ല്ലായിലെ മിൻഹാജുദ്ദീൻ എന്ന പണ്ഢിതനാണ്. അദ്ദേഹത്തിന്റെ വാദം ഞാനാണ് സംവാദങ്ങളുടെ തലവൻ എന്നാണ്. അദ്ദേഹം താങ്കളുമായി സംവാദം നടത്താൻ ആഗ്രഹിക്കുന്നു. അദ്ദേഹ വുമായി ബന്ധപ്പെട്ടപ്പോൾ അനഹ്മദി പണ്ഢിതൻ പറഞ്ഞു. താങ്കൾ ഇപ്പോൾ പുതുതായി സ്വീകരിച്ചിരിക്കുന്ന വിഷയത്തെ ക്കുറിച്ച് നാളെ കാലത്ത് പത്ത് മണിക്ക് ഇതേ സ്ഥലത്ത് വെച്ച് സംവാദം ഉണ്ടായിരിക്കുന്നതാണ്. മൗലവി സർവ്വർശാ സാഹിബ് അടുത്ത ദിവസം കാത്തിരുന്നു. എന്നാൽ അനഹ്മദി പണ്ഢി തനെ കണ്ടില്ല. ഹരിപ്പൂർ അങ്ങാടിയിലെ അങ്ങേഅറ്റത്ത് കുറച്ച് സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഹരിപ്പൂർ ബസാറിലേക്ക് നടന്നു. മധ്യത്തിലെത്തിയപ്പോൾ അനഹ്മദി മൗലവിസാഹിബും അദ്ദേഹത്തിന്റെ കൂട്ടുകാരും വരുന്നതായി കണ്ടു. എന്നാൽ അവർ സർവ്വർശാ സാഹിബിനെ കണ്ടപ്പോൾ തിരിഞ്ഞു നടന്നു. എന്നിട്ട് ഓടാൻ തുടങ്ങി. സർവ്വർശാ സാഹിബ് പറയുന്നു. ഞാനും അദ്ദേഹത്തിന്റെ പിന്നാലെ ഓടി. ജാമിഅ പള്ളിയിൽ അവർ എത്തിയിട്ടുണ്ടാകുമെന്ന് കരുതി ഞാൻ അവിടെ കയറി. അവിടെ വന്നിട്ടില്ലെന്ന് അറിയാൻ കഴി ഞ്ഞു. ഞാൻ മറ്റൊരു വഴിയിലൂടെ നടന്നു. അപ്പോൾ ഒരു അഴുക്ക് ചാലിലൂടെ മറുപുറം നടന്നുപോകുന്ന മൗലവിയെയാണ് ഞാൻ കണ്ടത്. എന്നാൽ ആ ഗുസ്തിക്കാരൻ ഇപ്പുറത്ത് നിൽപു

ണ്ട്. അയാൾ പൊട്ടിപ്പൊട്ടി ചിരിക്കുന്നുണ്ടായിരുന്നു. ചിരിച്ച് ചിരിച്ച് അയാളുടെ കണ്ണിൽ നിന്നും കണ്ണീർ വീഴുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു. മൗലവി മിൻഹാജുദ്ദീൻ സാഹിബ് ഇന്നലെ കന്തർപൂരിലുള്ള മൗലവിയുടെ അടുത്ത് പോയി പുസ്തകങ്ങൾ വാങ്ങി സംവാദത്തിന് തയ്യാറായിക്കൊണ്ടിരിക്കുകയായിരുന്നു. രാത്രി മുഴുവനും പുസ്തകങ്ങൾ വായിച്ചു കൊണ്ടിരുന്നു. ഒരു അനഹ്മദി മൗലവി സാഹിബ് തഹജ്ജുദിന് വേണ്ടി വന്നപ്പോൾ താങ്കൾ എന്താണ് ചെയ്യുന്നത് എന്ന് അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു. സർവ്വർശാ സാഹിബുമായി സംവാദമുണ്ട്. അതിനുള്ള തെളിവുകൾ തിരയുകയാണ്. എന്നാൽ ഞാൻ ഏതു തഫ്സീർ നോക്കുമ്പോഴും അതിലെല്ലാം തന്നെ ഈസാനബിയുടെ മരണത്തെക്കുറിച്ചും അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നതിനെക്കുറിച്ചും എഴുതിക്കാണുന്നു. അദ്ദേഹത്തെ നേരിടാൻ പറ്റിയ വ്യക്തമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല. സിക്കന്ദർപൂരിലുള്ള മൗലവി സാഹിബ് വലിയ പണ്ഡിതനായിരുന്നു. അദ്ദേഹം പറഞ്ഞു. സർവ്വർശാ സാഹിബ് അഹ്മദിയായതുകൊണ്ട് എനിക്ക് താങ്കളെക്കാളും കൂടുതൽ ദുഃഖം തോന്നുന്നു. അദ്ദേഹത്തോട് സംവാദം നടത്താൻ ഇവിടെയുള്ളവരും പറഞ്ഞിരുന്നു. എന്നാൽ ഞാൻ അതിൽ നിന്നും പിൻമാറുകയാണ് ചെയ്തത്. കാരണം മൗലവി സർവ്വർശാ സാഹിബ് മുഴുവൻ ജില്ലയെയും തന്റെ സ്വാധീന വലയത്തിൽ കൊണ്ടുവരാൻ കഴിവുള്ളവനാണ്. അദ്ദേഹത്തോട് സംവാദം നടത്തിയാൽ ഈ ജില്ലയിലുള്ള പണ്ഡിതരൊന്നടങ്കം തോറ്റോടേണ്ടി വരും. അദ്ദേഹത്തോട് എത്ര തന്നെ സംസാരിച്ചാലും അത് അത്രയും ദോശം മാത്രമെ ചെയ്യുകയുള്ളൂ. അങ്ങനെ പണ്ഡിതർ നിന്ദ്യരായിത്തീരുകയും ചെയ്യും. അതുകൊണ്ടാണ് മൗലവിസാഹിബ് താങ്കളോട് സംവാദത്തിന് തയ്യാറാകാതിരുന്നതും താങ്കളെ കണ്ടപ്പോൾ തിരിഞ്ഞോടിയതും.

ഇന്നും മുല്ലാക്കളുടെ അവസ്ഥ ഇതു തന്നെയാണ്. ടി.വി. യിലെല്ലാം വന്ന് ഞങ്ങൾ തയ്യാറാണെന്ന് പറയുന്നു. എന്നാൽ സമ്മതം അയക്കുമ്പോൾ, ടി.വി.യിലുള്ള സംവാദത്തിന് തയ്യാറാകു എന്ന് പറയുമ്പോൾ അവർ പിന്തിരിഞ്ഞോടുന്നു. ***നുസിർത്തു ബിർറുഅ്ബി*** എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇൽഹാമിന്റെ പുലർച്ചയാണിത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചവർക്കും ഈ ഗുണം ലഭിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഹദ്റത്ത് ഡോക്ടർ റശീദുദ്ദീൻ സാഹിബിനെക്കുറിച്ച് പറയുന്നു. ഖാദിയാനിൽ ഒരിക്കൽ പാദിരി സുഅ്മർ വന്നു. ലോകപ്രസിദ്ധനായ അമേരിക്കൻ പാതിരിയായിരുന്നു ഇദ്ദേഹം. പ്രസിദ്ധമായ ഒരു മാസികയുടെ എഡിറ്ററും കൂടിയായിരുന്നു. കൃസ്ത്യൻ സമൂഹത്തിൽ തബ്ലീഗ് പ്രവർത്തകർക്കിടയിൽ പ്രത്യേക സ്ഥാനം ഇദ്ദേഹത്തിനുണ്ടായിരുന്നു. ഖാദിയാനെക്കുറിച്ചും ഇദ്ദേഹം കേട്ടിരുന്നു. ഇന്ത്യയിൽ വന്നപ്പോൾ മറ്റു സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം അദ്ദേഹം ഖാദിയാനിൽ വന്നു. ഹാർഡൻ എന്നു പേരുള്ള മറ്റൊരു പാതിരിയും കൂടി അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഡോക്ടർ റശീദുദ്ദീൻ സാഹിബ് ഖാദിയാനിലെ എല്ലാ സ്ഥലങ്ങളും കാണിച്ചുകൊടുത്തു. എല്ലാം കണ്ടാലും പാതിരി പാതിരി തന്നെയായിരിക്കുമല്ലൊ. ജമാഅത്തിനെ പരിഹസിക്കുന്നതിന് തക്കം പാർത്തിരിക്കുകയായിരുന്നു അദ്ദേഹം. അന്ന് ഖാദിയാനിൽ ടൗൺ കമ്മിറ്റിയൊന്നും ഉണ്ടായിരുന്നില്ല. ഗ്രാമങ്ങളുടെ വഴിയോരങ്ങളിൽ മാലിന്യങ്ങൾ കിടക്കുമായിരുന്നു. അതേപോലെ ഖാദിയാന്റെ വഴിയോരത്തും മാലിന്യമുണ്ടായിരുന്നു. പാതിരി സുഅമർ സംസാരമധ്യേ പറഞ്ഞു. ഞങ്ങൾ ഖാദിയാനും കണ്ടു, പുതിയ മസീഹിന്റെ നാട്ടിലെ ശുചിത്വവും കണ്ടറിഞ്ഞു. ഡോക്ടർ ഖലീഫ റശീദുദ്ദീൻ ചിരിച്ചുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു. പാതിരി സാഹിബ്. ഇപ്പോൾ ആദ്യമസീഹിന്റെ തന്നെ ഭരണമാണ് ഇന്ത്യയിലുള്ളത്. അവരുടെ ശുചിത്വത്തിന്റെ മാതൃകയാണ് താങ്കൾ ഈ കാണുന്നത്. പുതിയ മസീഹിന്റെ ഭരണം ഇതുവരെ സ്ഥാപിച്ചിട്ടില്ല. ഇതുകേട്ടപ്പോൾ അദ്ദേഹം നാണിച്ചു തല താഴ്ത്തി.

പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി, ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവിയെക്കുറിച്ച് വിവരിക്കുന്നു. മുൻശീ സഫർ അഹ്മദ് സാഹിബും മൗലവി റശീദ് അഹ്മദ് ഗംഗോയിയുടെ ശിഷ്യനുമായി ഈസാനബിയുടെ മരണം എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടന്നു. മൗലവി സാഹിബിന്റെ ശിഷ്യൻ ഈ ചർച്ചയിൽ ഈസാ നബി ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും ഇത്രയും കാലം ഇതിന് മുമ്പ് വല്ലവരും ജീവിച്ചിരുന്നിട്ടുണ്ടോ എന്നതിൽ ചർച്ച അവസാനിച്ചു. ഇതിന്റെ മറുപടിക്കായി അദ്ദേഹം റശീദ് അഹ്മദ് സാഹിബിന് ഒരു കത്തെഴുതി. അതിന് റശീദ് അഹ്മദ് സാഹിബ് ഇപ്രകാരം മറപടി അയച്ചു. “ഇവിടെ രണ്ടായിരം വർഷമാണെന്നല്ലെ പറയുന്നത്. ഇതിനെക്കാളും കൂടുതൽ കാലം ജീവിച്ചിരിക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് ആദം (അ) ന്റെ കാലം തൊട്ട് ഇന്നേവരെ ശൈത്വാൻ ജീവിച്ചിരുന്നില്ലെ.” ഇതിന് മറുപടിയായി മുന്ശി സഫർ അഹ്മദ് സാഹിബ് പറഞ്ഞു. “ഇവിടെ മനുഷ്യരുടെ വയസ്സിനെക്കുറിച്ചാണ് ചർച്ച നടക്കുന്നത്. ശൈത്വാന്റെ കാര്യമല്ല. മസീഹ് (അ) ശൈത്വാനിൽ പെട്ട ആളായിരുന്നോ? (നഊദുബില്ലാഹ്) ഇതും താങ്കളുടെ ഒരു വാദം മാത്രമാണ്. എന്നാൽ വാദവും തെളിവും തമ്മിലുള്ള വ്യത്യാസം താങ്കൾ മനസ്സിലാക്കുന്നില്ല. (വാദത്തിനു ശേഷം അത് തെളിയിക്കാൻ തെളിവ് സമർപ്പിക്കും.) ആദമിന്റെ കാലത്തുള്ള അതേ ശൈത്വാൻ ഇന്നും ജീവിച്ചിരിപ്പുണ്ട് എന്നതിന് തെളിവെന്ത്? അവന് ഇത്ര ദീർഘായുസ്സുണ്ട് എന്നതിനും തെളിവെന്ത്?”

മുൻശീ സാഹിബിന്റെ മറുപടി കേട്ടപ്പോൾ മൗലവി സാഹിബ് അദ്ദേഹത്തിന്റെ ശിഷ്യന് ഒരു മറുപടി അയച്ചു. “നിങ്ങളുടെ എതിരാളി മിർസായിയാണ്. ഞങ്ങൾ മിർസായികളോട് സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. നീയും അവരുമായി കാണരുത്.” ഈ ഒരു ശൈലി എന്നും ഉണ്ടാകും.

ഹാഫിസ് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിനെക്കുറിച്ച് പറയപ്പെടുന്നു. ഡോക്ടർ സാഹിബ് നവാബ് സാഹിബ്

റംബൂറിന്റെ ദർബാറിൽ കയറിച്ചെന്ന് ഉച്ചത്തിൽ അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. ഇങ്ങിനെ പറയുക എന്നത് ദർബാറിന്റെ മര്യാദക്ക് എതിരായിരുന്നു. മാത്രമല്ല അദ്ദേഹം നവാബിന്റെ മുമ്പിൽ ആദരസൂചകമായി കുമ്പിടാറുമുണ്ടായിരുന്നില്ല. ഇങ്ങനെയുള്ള പെരുമാറ്റം ശരിയല്ല എന്ന് അദ്ദേഹത്തെ അറിയിച്ചപ്പോൾ ഡോക്ടർ സാഹിബ് പറഞ്ഞു. അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെയും മുമ്പിൽ ഞാൻ കുമ്പിടാറില്ല. നവാബ് സാഹിബ് ഇതുംകൂടി കേട്ടപ്പോൾ സ്ഥലം മാറ്റുമെന്നും ശിക്ഷാ നടപടികൾ എടുക്കുമെന്നും പറഞ്ഞ് ഭിഷണിപ്പെടുത്തുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു. "എന്റെ അല്ലാഹുവിന്റെ കൈപിടിയിലാണ് താങ്കളുടെ കഴുത്തുള്ളത്. അവന് എപ്പോൾ വേണമെങ്കിലും താങ്കളെ ഈ സ്ഥലത്ത് നിന്ന് നീക്കം ചെയ്യാൻ സാധിക്കുന്നതാണ്." അങ്ങിനെ അദ്ദേഹം നവാബ് സാഹിബിന്റെ ദർബാറിൽ തന്നെ അദ്ദേഹത്തെ വെല്ലുവിളിച്ചു. പിന്നീട് ചരിത്രം പറയുന്നതും ഇതേരീതിയിൽ കാര്യങ്ങൾ സംഭവിച്ചു എന്നാണ്. ഡോക്ടർ സാഹിബ് ദുആക്കപേക്ഷിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് കത്തയച്ചു. ഇതിനു മറുപടിയായി ഹദ്റത്ത് സാഹിബ് ഇപ്രകാരം എഴുതി. "എന്റെ പ്രിയ സുഹൃത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് സല്ലമഹു. അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്. താങ്കളുടെ കത്ത് കിട്ടി. ഇൻശാ അല്ലാഹ് താങ്കൾക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കുവന്നതായിരിക്കും. എന്നാൽ താങ്കൾ സ്തിരചിത്തതയോടും ധൈര്യത്തോടുമിരിക്കുക. ഭീരുത്വം കാണിക്കരുത്. എല്ലായിടത്തും അല്ലാഹുവിന്റെ ഫള്ൽ അനിവാര്യമാണ്." പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആ പ്രകാരം നവാബ് റാംപൂരിനെ ബ്രീട്ടീഷ് ഉദ്യോഗസ്ഥരുടെ ശുപാർശ പ്രകാരം ഇന്ത്യൻ ഗവൺമെന്റ് മാനസിക നില തെറ്റിയ വ്യക്തിയാണെന്ന് പറഞ്ഞ് ആ സ്ഥാനത്തിരിക്കാൻ അർഹനല്ലാത്തതുകൊണ്ട് സ്ഥാനഭ്രഷ്ട നാക്കുകയുണ്ടായി. അധികാരത്തിലിരുന്ന് ഡോക്ടർ സാഹിബിന്റെ സ്ഥലം മാറ്റുമെന്ന് ഭീഷണിപ്പെടുത്തിയിരുന്ന വ്യക്തി സ്ഥാനഭ്രഷ്ടനാക്കപ്പെടുകയാണുണ്ടായത്.

ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിവരിക്കുന്നു. ഒരു കാലത്ത് ലാഹോർ സ്റ്റേഷനിൽ വൈകുന്നേരം ഞാൻ വണ്ടി ഇറങ്ങി. എനിക്ക് ചീനിയാംവാലി പള്ളിയിൽ പോകേണ്ടതായി വന്നു. വൈകുന്നേര നമസ്കാരത്തിന്നായി ഞാൻ വുളു ചെയ്യുകയായിരുന്നു. അപ്പോൾ മൗലാനാ മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ സഹോദരൻ മിയാം അലി മുഹമ്മദ് എന്നോട് പറഞ്ഞു. ഖുർആനും ഹദീസുമാണ് നമ്മുടെ പ്രമാണമെങ്കിൽ പിന്നെ നാസിഖ് മൻസൂഖ് ഉണ്ട് എന്ന് എന്തുകൊണ്ട് പറയുന്നു. ഞാൻ പറഞ്ഞു. നാസിഖ് മൻസൂഖ് എന്നതൊന്നില്ല. അയാൾ പണ്ഢിതനൊന്നുമായിരുന്നില്ല. മീർ നാസിറിന്റെ ഉസ്താദായിരുന്നു. അയാൾ തന്റെ സഹോദരനോട് ഈ കാര്യങ്ങൾ പറഞ്ഞിരിക്കാം. ഇദ്ദേഹം അന്നാളിൽ യുവാവും നല്ല ആവേശമുള്ള ആളുമായിരുന്നു. ഞാൻ നമസ്കരിക്കാൻ തുടങ്ങി. മൗലവി സാഹിബ് എന്നെക്കാത്ത് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതായി കണ്ടു. ഞാൻ നമസ്കാരത്തിൽ നിന്ന് വിടവാങ്ങിയപ്പോൾ എന്നോട് പറഞ്ഞു. ഇങ്ങോട്ട് വന്നാലും. താങ്കൾ എന്റെ സഹോദരനോട് ഖുർആനിൽ നാസിഖും മൻസൂഖും ഇല്ലാ എന്ന് പറഞ്ഞോ? ഞാൻ പറഞ്ഞു. "അതേ, ഖുർആനിൽ നാസിഖും മൻസൂഖും ഇല്ല." അപ്പോൾ വളരെ ആവേശത്തോടെ അദ്ദേഹം പറഞ്ഞു. "താങ്കൾ അബൂ മുസ്‌ലിം അഫ്ഗആനിയുടെ പുസ്തകം വായിച്ചിട്ടുണ്ടോ? അദ്ദേഹവും നാസിഖ് മൻസൂഖ് അംഗീകരിച്ചിരുന്നില്ല." മൗലാനാ നൂറുദ്ദീൻ സാഹിബ് പറഞ്ഞു. അപ്പോൾ ഞങ്ങൾ രണ്ടുപേരായി അല്ലെ? ബട്ടാലവി തുടർന്നു. "സയ്യിദ് അഹ്മദിനെ അറിയുമോ? അദ്ദേഹം മുറാദാബാദിലെ സദറുസ്സുദൂറാണ്." ഞാൻ പറഞ്ഞു. "റാംപൂർ, ലക്നോവ്,ഭോപാൽ എന്നിവിടങ്ങളിലുള്ള ആലമീങ്ങളെയാണ് ഞാൻ അറിയുക. അദ്ദേഹത്തെ അറിയില്ല. ബട്ടാലവി പറഞ്ഞു. അദ്ദേഹവും നാസിഖ് മൻസൂഖ് ഉണ്ടെന്ന് അംഗീകരിക്കുന്നില്ല. അപ്പോൾ ഞാൻ പറഞ്ഞു. അങ്ങിനെയാണെങ്കിൽ ഞങ്ങൾ മൂന്നുപേരായല്ലോ ! ബട്ടാലവി പറഞ്ഞു. ഇവരെല്ലാവ രും ബിദ്അത്തികളാണ്. ഇമാം ശോക്കാനീ (റ) എഴുതുന്നത് നസ്ഖിനെ അംഗീകരിക്കാത്തവർ ബിദ്അത്തികളാണ് എന്നാണ്. ഞാൻ പറഞ്ഞു. "അങ്ങിനെയാണെങ്കിൽ നിങ്ങൾ രണ്ടുപേർ ആ ആശയക്കാരായി. നാസിഖ് മൻസൂഖിനെക്കുറിച്ച് അറിയാനുള്ള ഒരു എളുപ്പ വഴി ഞാൻ പറഞ്ഞു തരാം. മൻസൂഖ് ആയ ഒരായത്ത് താങ്കൾ ഓതികേൾപ്പിക്കൂ." ഇത് പറഞ്ഞപ്പോൾ എന്റെ ചിന്തയിൽ വന്നത് മൻസൂഖാണ് എന്ന് പണ്ഢിതൻമാർ പറയുന്ന അഞ്ച് ആയത്തുകളിൽ ഒന്ന് ഇദ്ദേഹം ചോദിക്കുകയാണെങ്കിൽ എന്തു മറുപടിയാണ് ഞാൻ പറയുക എന്നായിരുന്നു. (ഈ സംഭവം ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിക്കുന്നതിന് മുമ്പെയുള്ള ഒരു സംഭവമാണ്.) അല്ലാഹു തന്നെ എനിക്ക് മനസ്സിലാക്കിത്തന്നാൽ മാത്രമേ കാര്യം നടക്കുകയുള്ളു. അങ്ങനെ ചിന്തിക്കുമ്പോഴാണ് അദ്ദേഹം ഒരായത്ത് ഓതിക്കേൾപ്പിച്ചത്. ഞാൻ അതിനു മറുപടി നൽകി. നിങ്ങളും അംഗീകരിക്കുന്ന ഇന്ന പുസ്തകത്തിൽ അതിനുള്ള മറുപടിയുണ്ട്. അദ്ദേഹം പറഞ്ഞു ശരിയാണ്. ഞാൻ പറഞ്ഞു,അടുത്ത ചോദ്യം. പക്ഷേ അദ്ദേഹം മിണ്ടാതായി. പണ്ഢിതന്മാർക്ക് കൂടുതൽ ചോദിച്ചാൽ വശളാകുമോ എന്ന ഭയം ഉണ്ടാകും. അതുകൊണ്ട് അദ്ദേഹം മിണ്ടാതിരിക്കുന്നതാണ് ഉത്തമം എന്ന് കരുതി മിണ്ടാതിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിവരിക്കുന്നു. എന്റെ ദൈവം എപ്പോഴും എന്റെ കജാഞ്ചിയായി പ്രവർത്തിച്ചിട്ടുണ്ട്. എന്റെ തവക്കുൽ എപ്പോഴും അല്ലാഹുവിലായിരുന്നു. ആ കഴിവുള്ളവനായ ദൈവമാണ് എന്നെ എപ്പോഴും സഹായിച്ചിട്ടുള്ളത്. ഒരിക്കൽ മദീനയിൽ എന്റെ കൈവശം ഒന്നും ഉണ്ടായിരുന്നില്ല. രാത്രിയിൽ ഭക്ഷണത്തിനുപോലും ഒന്നും ഉണ്ടായിരുന്നില്ല. ഇശാ നമസ്കാരത്തിന് വുസു ചെയ്ത് പള്ളിയിലേക്ക് നീങ്ങിയപ്പോൾ വഴിയിൽ ഒരു സൈനികൻ എന്നോട് പറഞ്ഞു. ഞങ്ങളുടെ ഓഫീസർ താങ്കളെ വിളിക്കുന്നുണ്ട്. ഞാൻ പറഞ്ഞു, എനിക്ക് നമസ്കരിക്കണം. സൈനികൻ പറഞ്ഞു. എനി

ക്ക് ഒന്നും അറിയില്ല. ഞാൻ ഒരു സൈനികൻ മാത്രമാണ്. മുകളിൽ നിന്ന് ലഭിക്കുന്ന കൽപനയനുസരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ട് എന്റെ കൂടെ വരിക. അല്ലെങ്കിൽ നിങ്ങളെ നിർബന്ധിച്ച് കൊണ്ടുപോകേണ്ടിവരും." മറ്റൊരു വഴിയും ഇല്ലാത്തതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ കൂടെ പോയി. ഒരു വീട്ടിലേക്കാണ് അദ്ദേഹം എന്നെ കൊണ്ടുപോയത്. അവിടെ ഞാൻ കാണുന്നത് ഒരു അമീർ ഓഫീസർ ജിലേബി നിറച്ച ഒരു പാത്രം മുമ്പിൽ വെച്ചുകൊണ്ട് ഇരിക്കുന്നതാണ്. അദ്ദേഹം എന്നോട് ചോദിച്ചു. ഇതിന്റെ പേരെന്താണ്. ഞാൻ പറഞ്ഞു, ഞങ്ങളുടെ നാട്ടിൽ ജിലേബി എന്നാണ് ഇതിന് പറയുന്നത്. ഒരു ഇന്ത്യക്കാരനോട് ഇതിനെക്കുറിച്ച് കേട്ടുകൊണ്ടാണ് ഞാനിത് ഉണ്ടാക്കിയത്. അതുകൊണ്ട് ആദ്യം ഒരു ഇന്ത്യക്കാരന് ഇത് നൽകാമെന്നും അദ്ദേഹം രുചിച്ചതിനുശേഷം ഞാൻ ഭക്ഷിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. അപ്പോഴാണ് താങ്കളെക്കുറിച്ച് എനിക്ക് ഓർമ്മ വന്നത്. താങ്കളെ വിളിപ്പിച്ചതും അതിനാണ്. അതുകൊണ്ട് മുന്നോട്ട് വന്ന് ഇത് തിന്നാലും. ഞാൻ പറഞ്ഞു. നമസ്കാരത്തിന് ബാങ്ക് വിളിച്ചിരിക്കുന്നു. നമസ്കാരത്തിന് ശേഷം ഭക്ഷിക്കുന്നതാണ്. ഓഫീസർ പറഞ്ഞു, പ്രശ്നമില്ല. ഒരാളെ ഞാൻ പള്ളിയിലേക്ക് അയക്കാം. ഇഖാമത്ത് കൊടുക്കുമ്പോൾ അദ്ദേഹം ഇവിടെ വന്ന് അറിയിച്ചുകൊള്ളും. ചുരുക്കത്തിൽ, ഞാൻ അവിടെ ഇരുന്ന് അത് കഴിച്ചു. വയറ് നിറഞ്ഞു. അപ്പോൾ വേലക്കാരൻ വന്ന് പറഞ്ഞു. നമസ്ക്കാരം തുടങ്ങാറായി. അങ്ങിനെ ഞാൻ നമസ്കരിക്കാൻ പോയി. ഈ രീതിയിൽ അല്ലാഹു ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്യുകയുണ്ടായി. അടുത്ത ദിവസം ഞാൻ എന്റെ സഞ്ചി വൃത്തിയാക്കുകയായിരുന്നു. എന്റെ പുസ്തകം തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ എനിക്ക് പെട്ടെന്ന് ഒരു പൗണ്ട് ലഭിച്ചു. ഞാൻ ആരുടെയും പണം എടുക്കുകയോ ആരുടെയെങ്കിലും പണം കാണുകയോ ചെയ്തിരുന്നില്ല. ഈ സ്ഥലത്ത് കാലങ്ങളോളമായി ആരും താമസിച്ചിരുന്നില്ലെന്നും എനിക്ക് നന്നായിട്ടറിയാമായിരുന്നു. ആരും അവിടെ വന്നിട്ടുണ്ടായിരുന്നുമില്ല. അതുകൊണ്ട് ഇത് അല്ലാഹുവിന്റെ ഒരു പാരിതോഷികമായിക്കരുതി എടുക്കുകയുണ്ടായി. എന്നിട്ട് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കുറേ കാലത്തേക്ക് ഇത് ഉപകരിക്കുന്നതാണെന്ന് കണക്കുകൂട്ടുകയും ചെയ്തു.

ഹദ്റത്ത് ഹാഫിസ് രോഷൻ അലി സാഹിബ് വിവരിക്കുന്നു. (അദ്ദേഹത്തെ ഖലീഫത്തുൽ മസീഹ് ഒന്നാമൻ പഠിപ്പിക്കാറുണ്ടായിരുന്നു.) ഒരു ദിവസം ക്ലാസിന്റെ സമയം പ്രതീക്ഷിച്ചുകൊണ്ട് ഞാൻ കാത്തിരുന്നു. ഭക്ഷണം കഴിക്കാൻ പോയാൽ ക്ലാസ് തുടങ്ങുമോ എന്ന ഭയമായിരുന്നു ഉണ്ടായിരുന്നത്. കാത്തിരുന്ന് കാത്തിരുന്ന് ഭക്ഷണത്തിന്റെ സമയം വൈകി. അപ്പോഴേക്കും ഹദീസിന്റെ ക്ലാസ് തുടങ്ങി. ഞാൻ വിശപ്പ് വകവെക്കാതെ ക്ലാസിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പാഠഭാഗം വായിക്കുന്ന കുട്ടിയുടെ ശബ്ദം ഞാൻ കേൾക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് പാഠം വായിക്കുന്ന കുട്ടിയുടെ ശബ്ദം എനിക്ക് കേൾക്കാതെയായി. ഞാൻ ഉണർന്നിരുന്നിട്ടുകൂടി കണ്ണിന് കാണാനോ ചെവിക്ക് കേൾക്കാനോ കഴിയാതെയായി. ആരോ എന്റെ മുമ്പിൽ ആ സമയത്ത് തയ്യാറാക്കിയ ഭക്ഷണം കൊണ്ടുവന്നുവെച്ചിരിക്കുന്നു. പൊറാട്ടയും ഇറച്ചിക്കറിയും. ഞാനത് നല്ല രുചിയോടുകൂടി ഭക്ഷിച്ചു. വയറു നിറഞ്ഞപ്പോൾ ഈ അവസ്ഥ ഇല്ലാതായിത്തീർന്നു. ആദ്യത്തെ അവസ്ഥയിലേക്ക് തന്നെ തിരിച്ചുവരികയും ചെയ്തു. പാഠഭാഗങ്ങൾ കേൾക്കാൻസാധിച്ചു. ആ സമയത്തും എന്റെ വായിൽ ഭക്ഷണത്തിന്റെ രുചി ഉണ്ടായിരുന്നു. വയറ്റിലാണെങ്കിൽ ഭക്ഷണം കഴിച്ചതുപോലുള്ള അവസ്ഥയുമായിരുന്നു. പൂർണ്ണ ഉണർവ് എനിക്ക് ലഭിച്ചതായി അനുഭവപ്പെടുകയും ചെയ്തു. ഞാൻ അവിടെ നിന്ന് ഇളകിയിട്ടില്ല എന്ന് മാത്രമല്ല ഞാൻ ഭക്ഷിക്കുന്നതായി ആരും കണ്ടിട്ടുമില്ല. ഈ ഒരു സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു സ്ഥലത്ത് വിവരിച്ചിട്ടുണ്ട്.

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് ഗുർദാസ്പൂരിൽ താമസിക്കുകയായിരുന്നു. പലരും അവിടെ ആ മഹാത്മാവിനെ കാണാൻ വന്നുകൊണ്ടിരുന്നു. അവർക്കായി ഭക്ഷണം തയ്യാറാക്കിയിരുന്നു. പാചകക്കാരൻ അവിടെയുള്ള ആളുകൾക്കെല്ലാമായി ഭക്ഷണം തയ്യാറാക്കി. എന്നാൽ വിളമ്പാൻ നേരത്ത് വീണ്ടും കുറേ അതിഥികൾ വന്നു. എന്നാൽ ഭക്ഷണം എല്ലാവർക്കും മതിയായിത്തീർന്നു. അടുത്ത ദിവസം തയ്യാറാക്കേണ്ട ഭക്ഷണത്തിന്റെ അളവിനെക്കുറിച്ച് പാചകക്കാരൻ ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചു. ഇന്ന് ഉണ്ടാക്കിയ അത്രതന്നെ ഭക്ഷണം നാളെയും ഉണ്ടാക്കിയാൽ മതിയോ? അതല്ല കൂടുതൽ ഉണ്ടാക്കണോ? കാരണം അതിഥികൾ കൂടുതലുണ്ട്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. അല്ലാഹുവിനെ പരീക്ഷിക്കുകയാണോ നിങ്ങൾ. ഈ സമയം അല്ലാഹു നമ്മെ രക്ഷിച്ചിരിക്കുകയാണ്. അതിനാൽ നാളെ ഭക്ഷണം കൂടുതൽ പാകം ചെയ്യുക. അല്ലാഹുവിന്റെ ഈ സഹായം കണ്ട് ഒരിക്കലും അല്ലാഹുവിനെ പരീക്ഷിക്കരുത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിനെക്കുറിച്ച് മുഖ്താർ അഹ്മദ് സാഹിബ് ഹാശിമി വിവരിക്കുന്നു. അദ്ദേഹം എന്നോട് പറഞ്ഞു. സഹായം നൽകാൻ അർഹതയുള്ളവരെ താങ്കൾ കാണുകയാണെങ്കിൽ അവർക്ക് ചോദിക്കാൻ മടിയുമാണെങ്കിൽ അങ്ങിനെയുള്ളവരുടെ പേരുകൾ താങ്കൾ എന്നോട് പറയണം. സഹായത്തിന് അർഹനാണോ എന്ന് ഉറപ്പു വരുത്തണം." ഞാൻ തുടർന്ന് അർഹതപ്പെട്ടവരുടെ പേരുകൾ അദ്ദേഹത്തോട് പറയും. അവർക്ക് സഹായം എത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹം എന്നോട് ചിലർക്ക് ധനസഹായം നൽകാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഞാൻ മറുപടിയൊന്നും പറയാതെ മിണ്ടാതിരുന്നു. അദ്ദേഹം എന്നോട് ചോദിച്ചു. മറുപടി പറയാത്തതെന്തെ? ഞാൻ പറഞ്ഞു. ഫണ്ട് പൂർണ്ണമായും തീർന്നിരിക്കുന്നു. കൊടുക്കുവാനുള്ള ഒരു

പഴുതുംകാണുന്നില്ല. അദ്ദേഹം സ്നേഹവാത്സല്യത്തോടെ എന്റെ തോളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു. വ്യസനിക്കേണ്ട. പണം ഒവർഗ്രോ ചെയ്ത് ഇവർക്ക് നൽകുക. അല്ലാഹു തീർച്ചയായും ഇഷ്ടംപോലെ ധനം നൽകുന്നതാണ്. അടുത്ത കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ നൂറുകണക്കിന് രൂപ ഈ ഫണ്ടിൽ എത്തിച്ചേരുകയുണ്ടായി.

സബാഹുദ്ദീൻ സാഹിബിന്റെ ഒരു രിവായത്താണ്. അദ്ദേഹം പറയുന്നു. ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിൽ നിന്നും ഞാൻ കേട്ടിട്ടുള്ളതാണ്. അദ്ദേഹം ഇംഗ്ലണ്ടിൽ പോയപ്പോൾ അവിടെ യാത്രചെയ്യുമ്പോൾ ഒരു ഇംഗ്ലീഷുകാരനെ അദ്ദേഹം കൂടെക്കൂട്ടിയിരുന്നു. കാരണം ചില സാധനങ്ങൾ വാങ്ങാനുണ്ടായിരുന്നു. ഖാദിയാനിൽ ഒരു ഫാക്ടറി തുടങ്ങേണ്ടതും ഉണ്ടായിരുന്നു. യാത്രാമദ്ധ്യേ ആ ഇംഗ്ലീഷുകാരൻ പറഞ്ഞു. നമ്മുടെ ഫണ്ട് തീരാറായി. യാത്ര തുടരാൻ ഇനി പ്രയാസമാണ്. അദ്ദേഹം പറഞ്ഞു. വിഷമിക്കേണ്ട, അതിനുള്ള സംവിധാനമുണ്ടാകും. ഇംഗ്ലീഷുകാരനായ ആ വ്യക്തി അത്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു. ഈ നാട്ടിൽ താങ്കൾ അപരിചിതനാണ്. അതുകൊണ്ട് ഇവിടെ എങ്ങിനെ പണം ലഭിക്കാനാണ്. മിയാം ശരീഫ് അഹ്മദ് സാഹിബ് പറഞ്ഞു. ഞാൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ചിരിക്കുന്നു. അല്ലാഹുവേ ഈ നാട്ടിലും നീ തന്നെ ഞങ്ങളെ സഹായിക്കേണമേ. അങ്ങിനെ അടുത്ത ദിവസം ഞങ്ങൾ അങ്ങാടിയിലൂടെ നടക്കുകയായിരുന്നു. ഒരാൾ അദ്ദേഹത്തെ തടഞ്ഞു നിർത്തിക്കൊണ്ട് "സൈന്റ് സൈന്റ്" എന്ന് വിളിച്ചുകൊണ്ടിരുന്നു. "വലിയ്യ്" എന്നാണ് അതിന്റെ അർത്ഥം. അദ്ദേഹം വലിയ തുകയുടെ ചെക്ക് അദ്ദേഹത്തെ ഏൽപ്പിച്ചുകൊണ്ട് ദുആക്ക് അപേക്ഷിക്കുകയുണ്ടായി. ഈ സംഭവം കണ്ട് അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ഇംഗ്ലീഷുകാരൻ അത്ഭുതപ്പെടുകയുണ്ടായി. എന്നിട്ട് പറഞ്ഞു. നിങ്ങളുടെ ദൈവം തീർച്ചയായും വിചിത്രം തന്നെ.

ഹദ്റത്ത് ശൈഖ് ഫള്ൽ അഹ്മദ് സാഹിബ് ബട്ടാലവി (റ) വിവരിക്കുന്നു. ഡൽഹൗസി യാത്രയിൽ എന്നോടൊപ്പം എന്റെ ഒന്നാമത്തെ ഭാര്യയും അവരുടെ സഹോദരൻ അക്ബർ അലി സാഹിബും എന്റെ സഹോദരൻ അമീർ അഹ്മദ് സാഹിബും ഉണ്ടായിരുന്നു. ഞങ്ങൾ സർക്കാറിന്റെ കാളവണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്. മൂന്ന് നാല് കുതിരവണ്ടികൾ ഹിന്ദുക്കളുടേതും ഉണ്ടായിരുന്നു. സർക്കാർ വക യാത്രയായിരുന്നു. വൈകുന്നേരം ധനേര എന്ന സ്ഥലത്ത് എത്തി. അവിടത്തെ ഹിന്ദുസ്റ്റോർ കീപ്പർമാർ ഹിന്ദു സഹോദരന്മാർക്ക് ടെന്റുകൾ നൽകി. അതിൽ അവരുടെ കുടുംബാംഗങ്ങൾ താമസിച്ചു. എനിക്ക് ഒന്നും ലഭിച്ചില്ല. ഞങ്ങൾ വീടുകളും മറ്റും അന്വേഷിച്ചെങ്കിലും ഫലമൊന്നും ഉണ്ടായില്ല. അക്ബർ അലി സാഹിബ് വിഷമത്തോടുകൂടി എന്നോട് പറഞ്ഞു. രാത്രി ഇങ്ങ് വന്നെത്തി, ഇനി എന്തു ചെയ്യും. ഞാൻ പറഞ്ഞു. ***ഖുദാ ദാരീ ചെ ഗം ദാരീ*** അല്ലാഹുവിൽ ഭരമേൽപ്പിച്ചവർക്ക് എന്ത് വിഷമം. അല്ലാഹു നമുക്ക് ഇതിനുള്ള വല്ല മാർഗവും ഒരുക്കിത്തരുന്നതാണ്. അപ്പോൾ തന്നെ ഒരു കുതിര സവാരിക്കാരൻ വന്നു. എന്നോട് സ്നേഹാദരങ്ങളോടെ സലാം പറഞ്ഞു. എന്നിട്ട് ചോദിച്ചു. ഓഹോ താങ്കളോ? ഇവിടെ? ഞാൻ എന്റെ കാര്യങ്ങൾ വിശദമായി പറഞ്ഞു. അദ്ദേഹം പറഞ്ഞു. ഞാനിപ്പോൾ വരാം. അൽപ്പം കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു ടെന്റും കുറച്ച് പുല്ലും കൊണ്ടുവന്നു. കുറച്ച് ജോലിക്കാരും കൂടെയുണ്ടായിരുന്നു. അവർ വന്ന് ടെന്റ് കെട്ടി. അതിൽ പുല്ല് വിരിച്ചു എന്നിട്ട് പറഞ്ഞു. ഇവിടെ താമസിച്ചാലും. മറ്റൊരു ടെന്റ് കുളിമുറിയായിട്ടും നിർമ്മിച്ചു. എന്നിട്ട് പറഞ്ഞു. ഞാൻ ഇപ്പോൾ തന്നെ താങ്കൾക്ക് ഭക്ഷണം കൊണ്ടുവരാം. അൽപ്പം വൈകുമെന്ന് മാത്രം. വെള്ളവും മറ്റു അത്യാവശ്യസാധനങ്ങൾ അദ്ദേഹം കൊടുത്തയച്ചു. രാത്രി 11 മണിയോടെ റൊട്ടിയും പരിപ്പ് കറിയും മധുര ചോറും കൊണ്ടുവന്നു. എന്നിട്ട് ക്ഷമാപണം നടത്തിക്കൊണ്ട് പറഞ്ഞു, വൈകിയതുകൊണ്ടാണ് മാംസം കിട്ടാതിരുന്നത്. പരിപ്പ് മാത്രമേ കിട്ടിയുള്ളൂ. എന്നിട്ട് പറഞ്ഞു. താങ്കൾ ഒരു പക്ഷെ എന്നെ അറിയില്ലായിരിക്കാം. ഞാൻ പറഞ്ഞു. സോറി, ഒരു പ്രാവശ്യം കണ്ടിട്ടുണ്ടോ എന്നെനിക്ക് സംശയമുണ്ട്. എന്നാൽ ശരിക്കും എവിടെ വെച്ചാണ് കണ്ടത് എന്നൊന്നും അറിയില്ല. അദ്ദേഹം പറഞ്ഞു. താങ്കൾ എനിക്കായി ഒരു അപേക്ഷ എഴുതിയിരുന്നു. അതിനുശേഷമാണ് മിലിട്ടറി ജോലിയിൽ പ്രമോഷൻ ലഭിച്ചത്. അതിനാൽ ഞാൻ താങ്കളോട് കൃതജ്ഞതയുള്ളവനാണ്. കാവൽക്കാരായി രണ്ടുപേരെ അദ്ദേഹം അവിടെ നിർത്തുകയും ചെയ്തു.

അദ്ദേഹം പറയുന്നു. അതിനുശേഷം ഞാനും കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന് സുജൂദ് ചെയ്തു. അല്ലാഹുവിന്റെ ഈ ഒരു സഹായം എന്റെ വിശ്വാസത്തെ പത്തിൻമടങ്ങ് വർദ്ധിപ്പിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ വിവരിക്കുന്നു. ഒരിക്കൽ മഹാരാജാ കശ്മീർ എന്നോട് പറഞ്ഞു. മൗലവി സാഹിബ് ഞങ്ങൾ പന്നി മാംസം തിന്നുന്നതുകൊണ്ടാണ് പെട്ടെന്ന് അക്രമാസക്തരാകുന്നതെന്നാണ് താങ്കൾ പറയാറുള്ളത്. എന്നാൽ ബ്രിട്ടീഷുകാർ പന്നിമാംസം തിന്നാറില്ലെ. അവർ പെട്ടെന്ന് അക്രമാസക്തരാകാറില്ലല്ലൊ? അതിന്റെ കാരണമെന്താണ്? ഉടനെ ഞാൻ പറഞ്ഞു. ബ്രിട്ടീഷുകാർ അതിനോടൊപ്പം പശുമാംസവും കഴിക്കും. അതുകൊണ്ട് രണ്ടുംകൂടെ അഡ്ജസ്റ്റ് ആകുന്നതാണ്. ഇത് കേട്ടപ്പോൾ അദ്ദേഹം മിണ്ടാതായി. പിന്നീട് രണ്ട് വർഷത്തോളം എന്നോട് മതപരമായ ഒരു ചർച്ചയും ചെയ്തിട്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വിവരിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു അവതരിപ്പിക്കുന്ന അദ്ധ്യാപനം അനുസരിച്ച് പ്രവർത്തിക്കുമ്പോൾ ഈ ലോകത്ത്തന്നെ ദൈവത്തെ കാണാൻ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു.

فَمَنْ كَانَ يَرْجُوْا لِقَآءَ رَبِّهٖ فَلْيَعْمَلْ عَمَلًا صَالِحًا وَّلَا يُشْرِكْ بِعِبَادَةِ رَبِّهٖٓ اَحَدًا ﴿١١١﴾

(18.111)

ആരാണോ ഈ ലോകത്ത്‌വെച്ചുതന്നെ ദൈവത്തെ കാണണം എന്നാഗ്രഹിക്കുന്നത് (സത്യസ്വരൂപനും സൃഷ്ടികർത്താവുമായ അല്ലാഹുവിനെ) അവർ ഒരു കുഴപ്പവുമില്ലാത്ത സത്പ്രവർത്തികൾ ചെയ്യുക. ജനങ്ങളെ കാണിക്കാനോ അഹങ്കാരം ഉണ്ടാകാനോ ഇടവരുന്ന പ്രവർത്തി ആയിരിക്കരുത്. ഞാൻ വലിയവനാണ് എന്ന ചിന്ത ഉണ്ടായിത്തീരരുത്. അതോടൊപ്പം ആ പ്രവർത്തി ന്യൂനതയുള്ളതോ അപൂർണ്ണമോ ആയിരിക്കാനും പാടില്ല. അല്ലാഹുവിനോടുള്ള സ്നേഹത്തിന് വിരുദ്ധമായ ഒരു ദുർഗന്ധവും അതിൽ നിന്ന് വമിക്കാൻ പാടില്ല. സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടിയുള്ള പ്രവർത്തനമായിരിക്കണം. അതോടൊപ്പം, നാനാതരം ശിർക്കിൽ നിന്നും വിട്ടുനിൽക്കുന്നവനുമാകേണ്ടതാണ്. സൂര്യനേയോ ചന്ദ്രനെയോ ആകാശത്തിലെ നക്ഷത്രങ്ങളേയോ വായുവിനേയോ അഗ്നിയേയോ ജലത്തേയോ ഭൂമിയിലുള്ള മറ്റേതെങ്കിലും വസ്തുവിനേയോ ആരാധ്യനായി കരുതാൻ പാടില്ല. ഭൗതിക വസ്തുക്കൾ അല്ലാഹുവിന്റെ പങ്കാളികളാകുന്ന തരത്തിൽ അവർക്ക് ശ്രേഷ്ഠത കൽപിക്കാനോ അതിൽ ആശ്രയിക്കാനോ പാടില്ല. തന്റെ കഴിവും പ്രാപ്തിയും ആണ് സർവ്വതും എന്നും കരുതാൻ പാടില്ല. ഇതും ശിർക്കിൽപെട്ടതാണ്. എല്ലാം ചെയ്തുകഴിഞ്ഞാലും നാം ഒന്നും ചെയ്തിട്ടില്ല എന്ന് മനസ്സിലാക്കുക. തന്റെ അറിവിൽ അഹങ്കരിക്കുകയോ തന്റെ പ്രവർത്തനത്തിൽ അഭിമാനം കൊള്ളുകയോ അരുത്. താൻ ഒരു ജാഹിലാണെന്ന് മനസ്സിലാ ക്കി, കഴിവില്ലാത്തവനാണെന്ന് കരുതി, അല്ലാഹുവിന്റെ സവിധത്തിൽ തന്നെ സമർപ്പിക്കുക. ദാഹിച്ചു വലഞ്ഞ് പരവശനായ കൈകാലുകളില്ലാത്ത ഒരു വ്യക്തി തന്റെ കൺമുമ്പിൽ ശുദ്ധമായ ജലത്തിന്റെ ഒരു നീരുറവ കാണുകയാണെങ്കിൽ ഞെരങ്ങു നീങ്ങിക്കൊണ്ട് എങ്ങിനെയെങ്കിലും ആ നീരുറവിന്റെ അടുത്ത് തന്നെ എത്തിക്കുകയും എന്നിട്ട് തന്റെ ചുണ്ടുകളെ ആ നീരുറവിൽ വെച്ചുകൊണ്ട് ദാഹം ശമിക്കുന്നത്‌വരെ ആ വെള്ളം കുടിക്കുകയും ചെയ്യുന്ന വ്യക്തിയെപ്പോലെ ആയിത്തീരുക.

അല്ലാഹു തആലാ ഒരോ അഹ്മദിക്കും വിനയ സ്വഭാവത്തിൽ വർദ്ധനവ് നൽകുമാറാകട്ടെ. തവക്കുൽ വർദ്ധിപ്പിച്ച്കൊണ്ട് വിശ്വാസത്തിൽ വർദ്ധനവ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സഹായം നമുക്ക് നമ്മുടെ ജീവിതത്തിലും കാണാൻ സാധിക്കുമാറാകട്ടെ. അറിവിലും പ്രവർത്തനത്തിലും വിജയം കൈവരിക്കുന്നവരാകട്ടെ. ഇവയും അല്ലാഹുവിന്റെ അനുഗ്രഹമായി കണക്കാക്കുമാറാകട്ടെ. അഹങ്കാരം, പക്ഷപാദിത്വം, എന്നിവയിൽ നിന്നും നമുക്കെപ്പോഴും വിട്ടുനിൽക്കാൻ സാധിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബത്തിന് ഏതുരീതിയിലാണോ അല്ലാഹു സഹായം നല്കിയത് അങ്ങിനെയുള്ള സഹായങ്ങൾ ലഭിക്കാനുള്ള പ്രവർത്തനം കാഴ്ചവെക്കാൻ നമുക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. നാം എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരായി മാറട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 12 - 02 - 2010 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**